LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ രണ്ട് വിള ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളത്. ഒന്ന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും മറ്റൊന്ന് കേന്ദ്ര കൃഷി ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരിക്കുന്നു. ഈ വിളകൾക്ക് ഒരു നിശ്ചിത തുക പ്രീമിയം അടച്ച് കർഷകർക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഈ വിളകൾക്ക് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ തുടങ്ങിയ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നാശനഷ്ടം കർഷകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൃഷി ഉദ്യോഗസ്ഥർ വിലയിരുത്തി, ഈ പദ്ധതിയനുസരിച്ച് ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം കർഷകന് കൃഷി ഓഫീസ് മുഖേന നൽകിവരുന്നു.

കേന്ദ്ര കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഓരോ സീസൺ അനുസരിച്ച് നോട്ടിഫൈ ചെയ്യുന്ന വിളകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണെടുക്കുന്ന കർഷകർ പദ്ധതിയിൽ നിർബന്ധമായും അംഗമായി ചേരേണ്ടതാണ്. എന്നാൽ ലോണെടുക്കാത്ത കർഷകർക്കും പ്രസ്തുത വിളകൾക്ക് സ്വമേധയാ പ്രീമിയം അടച്ച് ഇൻഷ്വറൻസ് എടുക്കാവുന്നതാണ്. എന്നാൽ ശരാശരി ഉൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായ തീപിടുത്തം മുതലായ പ്രകൃതിക്ഷോഭം മൂലമോ, രോഗകീടങ്ങളുടെ ആക്രമണംമൂലമോ, വിളയുടെ ഉൽപ്പാദനത്തിനുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷ്വറൻസ് ചെയ്തിരിക്കുന്ന തുകയേയും അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കി, അത് കർഷകർക്ക് നൽകിവരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്ക് പദ്ധതി നിലവിൽവന്ന 1985 മുതൽ നാളിതുവരെ സർക്കാർ 1159.213 ലക്ഷം രൂപ നൽകുകയുണ്ടായി. അതുപോലെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിക്ക് പദ്ധതി നിലവിൽവന്ന 1999 റാബി വിള മുതൽ ഖാരിഫ് 2003-2004 വരെ 4,89,15,214 രൂപ സംസ്ഥാന വിഹിതമായി സർക്കാർ നൽകുകയുണ്ടായി.

പൂകൃഷിക്കായി വാങ്ങിയ തുക

61 [3408] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടന പൂകൃഷിക്കായി സംസ്ഥാന സർക്കാരിൽനിന്നും 1993-നും 2001-നും ഇടയിൽ എന്ത് തുക വാങ്ങിയിരുന്നു;

(ബി) ഇത് സംബന്ധിച്ച് കൃഷിവകുപ്പിലെ വിജിലൻസ് വിഭാഗമോ, മറ്റേതെങ്കിലും വിഭാഗമോ അന്വേഷണം നടത്തിയിരുന്നുവോ;

(സി) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) എന്തെല്ലാം നടപടികൾ പണം ഈടാക്കുന്നതിനുവേണ്ടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടന 1995-1997 കാലയളവിൽ ഫ്ളോറികൾച്ചർ ഡവലപ്മെന്റ് എന്ന പദ്ധതിയിൻകീഴിൽ കർഷകർക്ക് പരിശീലനം, പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വ്യാവസായികാടിസ്ഥാനത്തിൽ പുകൃഷി ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 25 ലക്ഷം രൂപയും മാർക്കറ്റ് സർവ്വേക്കുവേണ്ടി 20 ലക്ഷം രൂപയും സർക്കാരിൽ നിന്നും വാങ്ങിയിരുന്നു.

(ബി) ഇതുസംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ 24-11-2003-നു ഫെഡറേഷൻ ഓഫീസ് പരിശോധന നടത്തുകയും മാർക്കറ്റ് സർവ്വേയ്ക്കുവേണ്ടി അനുവദിച്ച 20 ലക്ഷം രൂപയിൽ 2002-2003 കാലയളവ് വരെ 2,69,016 രൂപമാത്രം ചെലവഴിച്ചിട്ടുള്ളതായി കാണുകയുണ്ടായി. കൂടാതെ തിരുവനന്തപുരം വിജിലൻസ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതിയിൽ 998/03 നമ്പർ ആയുള്ള കേസിൽ ഇതുസംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സർക്കാർ ഉത്തരവ് (ആർ. റ്റി.) 325/97/എ. ഡി. തീയതി 3-3-1997 സർക്കാർ ഉത്തരവ് (ആർ. റ്റി.) 482/97/എ.ഡി. തീയതി 22-3-1997 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നൽകിയ 20 ലക്ഷം രൂപ ചെലവഴിച്ചതിന്റെ കണക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കാൻ കൃഷി ഡയറക്ടറേറ്റിൽനിന്നും ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ പ്രസ്തുത സംഘടനയുടെ സെക്രട്ടറിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കീടനാശിനികളും പാർശ്വഫലങ്ങളും

62 [3409] ശ്രീ. എം. കുമാരൻ :

,, മാങ്കോട് രാധാകൃഷ്ണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര കോടി രൂപയുടെ കീടനാശിനി ഉപയോഗിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly